ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഗതാഗതയോഗ്യമല്ലാത്ത എല്ലാ റോഡുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഹരിപ്പാട് മണ്ഡലത്തിലെ ഏതാനും റോഡുകളുടെ പണികൾ നടന്നുവരുന്നു. കുറച്ച് റോഡുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഏതാനും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(സി) ഈ പണികൾ എല്ലാ 2005 മാർച്ച് മാസം 15-ാം തീയതിക്ക് മുൻപ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

പാനൂർ പി. ഡബ്യൂയു. ഡി. ഇൻസ്പെക്ഷൻ ബംഗ്ളാവിന്റെ അനക്സ് പണിയാനുള്ള നടപടി

83 [682], ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ പി. ഡബ്ലിയു. ഡി. ഇൻസ്പെക്ഷൻ ബംഗ്ളാവ് തികച്ചും സൗകര്യമില്ലാത്തതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടത്തിന് അനക്സ് പണിയാനുള്ള നടപടികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിന്മേൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കെട്ടിടം പണി എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യും (സി) യും അഡീഷണൽ ബ്ലോക്കും ചുറ്റുമതിലും നിർമ്മിക്കുന്നതിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

റോഡ് വീതികൂട്ടാൻ നടപടി

84 [683] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരന്തൂർ- മെഡിക്കൽ കോളേജ് റോഡിൽ കാരന്തൂർ മുതൽ കൊളായി താഴം വരെയുള്ള ഭാഗം വീതി കുറവുമൂലവും വളവ് ഉള്ളതിനാലും യാത്രക്കാർക്കും വാഹനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് ഒഴിവാക്കുന്നതിന് പ്രസ്തുത റോഡ് വീതി കൂട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനുവേണ്ടി കൈക്കൊണ്ട നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) യും (ബി) യും (സി) യും പ്രസ്തുത റോഡ് വീതി കൂട്ടി ഓവ്ചാൽ, നടപ്പാത, കലുങ്കുകൾ തുടങ്ങിയവ നിർമ്മിക്കാൻ വേണ്ടി 110 ലക്ഷം രൂപ അടങ്കലുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ കൃത്യമായി ഇപ്പോൾ പറയാൻ നിർവാഹമില്ല.

വയനാട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ

85 [684] ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ എത്ര കിലോമീറ്റർ സ്റ്റേറ്റ് ഹൈവേയുണ്ട് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ സ്റ്റേറ്റ് ഹൈവേ ഏതെല്ലാമാണ്;

(സി) വയനാട് ജില്ലയിലെ കൈനാട്ടി-പനമരം-മാനന്തവാടി-കാട്ടിക്കുളം-തിരുനെല്ലി റോഡിനെ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അല്ലാത്തപക്ഷം പ്രസ്തുത റോഡിനെ സ്റ്റേറ്റ് ഹൈവേ സ്റ്റാന്റേർഡിൽ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 78.735 കി. മീ.

(ബി) വയനാട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേകൾ ഇവയാണ്.

1. കല്പറ്റ വാരമ്പറ്റ റോഡ്-കി.മീ. 0/00 മുതൽ 17/725 വരെ
2. കോഴിക്കോട്-വൈത്തിരി ഗൂഡല്ലൂർ റോഡ്-കി.മീ. 67/00 മുതൽ 97/070 വരെ
3. മാനന്തവാടി പക്രന്തളം റോഡ്-കി.മീ. 0/00 മുതൽ 10/240 വരെ
4. തലശ്ശേരി ബാവേലി റോഡ്-കി.മീ. 68/2000 മുതൽ 81/00 വരെ
5. വെത്തിരി തരുവണ റോഡ്- കി. മീ. 23/600 മുതൽ 31/590 വരെ

(സി) യും (ഡി) യും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly